**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3744** **12-03-2025 - ൽ മറുപടിയ്ക്ക്**

**സ്പോർട്സ് കൗൺസിലിലെ പരിശീലകർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയ സിവിൽ സർവീസ് മത്സരങ്ങൾക്ക് കേരള ടീമിന്റെ പരിശീലകരായി സ്പോർട്സ് കൗൺസിലിൽ നിന്നുള്ള പരിശീലകരെ കോച്ച് ആയി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | 2023-24 വർഷത്തിൽ സിവിൽ സർവ്വീസ് വോളിബോൾ മത്സരത്തിൽ പങ്കെടുത്ത കേരള ടീമിന്റെ പരിശീലകരായി സംസ്ഥാന സ്പോർട്സ് കൗൺസിലിൽ നിന്നും 2 വോളിബോൾ പരിശീലകരുടെ സേവനം ലഭ്യമാക്കിട്ടുണ്ട്. |
| (ബി) | ആലപ്പുഴ ജില്ലയിലെ രാജാ കേശവദാസ് സിമ്മിംഗ് പൂളിന്റെ പരിശീലകൻ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിൽ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിശീലകനെതിരെ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കാമോ; | (ബി) | ഉണ്ട്.<br><br>രാജാ കേശവദാസ് സിമ്മിംഗ് പൂളിലെ നീന്തൽ പരിശീലകയുടെ ചില വീഴ്ചകൾ സംബന്ധിച്ച് ആലപ്പുഴ ജില്ലാ സ്പോർട്സ് കൗൺസിലിൽ നിന്നും ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ടി പരിശീലകയെ 23.10.2024 തീയതിയിലെ KSSC/1103/2024/B1 നമ്പർ പ്രകാരം തൃശ്ശൂർ ജില്ലയിൽ സ്ഥലമാറ്റുന്നതിലേക്ക് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ഉത്തരവിന്മേൽ ബഹു. ഹൈകോടതിയുടെ സ്റ്റേ നിലനിൽക്കുന്നതിനാൽ പരിശീലകയുടെ സ്ഥലം മാറ്റം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. |
| (സി) | 2024-25 വർഷത്തെ സിവിൽ സർവീസ് മത്സരങ്ങൾ നടത്തിയത് വഴി സ്പോർട്സ് കൗൺസിലുകൾക്ക് എത്ര രൂപ ലഭിച്ചിട്ടുണ്ട്; ഓരോ കായിക ഇനങ്ങൾക്കും ലഭിച്ച തുകയുടെ കണക്കുകൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (സി) | 2024-25 വർഷത്തെ ജില്ലാ/സംസ്ഥാന സിവിൽ സർവീസ് മത്സരങ്ങൾ നടത്തിയത് വഴി ജില്ലാ സ്പോർട്സ് കൗൺസിലുകൾക്ക് 19 കായിക ഇനങ്ങളിലായി രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ ലഭിച്ച തുക ജില്ലാ തിരിച്ച് ചുവടെ ചേർക്കുന്നു. |

| നം. | ജില്ല | തുക |
|---|---|---|
| 1. | തിരുവനന്തപുരം | 239100/- |
| 2. | കൊല്ലം | 38900/- |
| 3. | പത്തനംത്തിട്ട | 15400/- |
| 4. | ഇടുക്കി | 38000/- |
| 5. | ആലപ്പുഴ | 44800/- |
| 6. | കോട്ടയം | 70200/- |

| | | |
|---|---|---|
| 7. | എറണാകുളം | 67000/- |
| 8. | തൃശ്ശൂർ | 114600/- |
| 9. | കോഴിക്കോട് | 68100/- |
| 10. | മലപ്പുറം | 84600/- |
| 11. | പാലക്കാട് | 38400/- |
| 12. | കണ്ണൂർ | 39800/- |
| 13. | വയനാട് | 28600/- |
| 14. | കാസർഗോഡ് | 76100/- |

| | | | |
|---|---|---|---|
| (ഡി) | 2024-ൽ തൃശ്ശൂർ ജില്ലയിൽ നടന്ന റവന്യൂ ജില്ലാ നീന്തൽ മത്സരങ്ങളുടെ സർട്ടിഫിക്കറ്റും മെഡലും എല്ലാ കായിക താരങ്ങൾക്കും ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ